**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **23-01-2025 - ൽ മറുപടിയ്ക്ക്**

**റോഡ് വികസനത്തിനായി കുട്ടമണ്ണ എം.എസ്.പി. യുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ കുട്ടമണ്ണ എം.എസ്.പി. യുടെ അധീനതയിൽ ഉള്ള ഗ്രൗണ്ടിന്റെ വടക്ക്,കിഴക്ക് ഭാഗങ്ങളിൽ റോഡ് നിർമ്മാണത്തിന് സർക്കാർ അനുവദിച്ച 5 സെന്റ് ഭൂമിയിൽ വടക്ക് ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈൻമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് സി.എം.ഒ. പോർട്ടൽ വഴി എം.എൽ.എ സമർപ്പിച്ച നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ കുട്ടമണ്ണ എം.എസ്.പി.യുടെ അധീനതയിൽ ഉള്ള ഗ്രൗണ്ടിന്റെ വടക്ക്, കിഴക്ക് ഭാഗങ്ങളിൽ റോഡ് നിർമ്മാണത്തിന് സർക്കാർ അനുവദിച്ച 5 സെന്റ് ഭൂമി അലൈൻമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് ലഭ്യമായ നിവേദനത്തിന്മേൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്ന് ലഭ്യമായ റിപ്പോർട്ട് ആഭ്യന്തര വകുപ്പ് പരിശോധിക്കുകയും തുടർനടപടി സ്വീകരിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുമുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ആഭ്യന്തര വകുപ്പിന്റെ ഫയലിൽ റവന്യൂ വകുപ്പും ധനകാര്യ വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റവന്യൂ വകുപ്പിൽ നിന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം ഫയൽ ധനകാര്യ വകുപ്പിലേക്ക് നൽകിയിരുന്നതും ആയതിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ വിശദമായ റിപ്പോർട്ട് കൂടി ലഭ്യമാക്കണമെന്ന് ധനകാര്യവകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുകയും ആയതിനുള്ള നടപടി റവന്യൂ വകുപ്പിൽ സ്വീകരിച്ച് വരികയുമാണ്. |
| (സി) | കുട്ടമണ്ണ പ്രദേശത്തെ അമ്പതിൽപരം കുടുംബങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് വടക്ക്, കിഴക്ക് ഭാഗങ്ങളിൽ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ? | (സി) | മേൽ ആവശ്യത്തിനായി പോലീസ് വക ഭൂമി അനുവദിച്ച് നൽകുവാൻ NOC നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ